LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാഡമിയുടെ പരിധിയിൽ ഉൾപ്പെടുന്ന കലാ വിഭാഗങ്ങൾക്കും മതിയായ പരിരക്ഷണവും പ്രോത്സാഹനവും ഉറപ്പുവരുത്തുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) വിവിധ പരിപാടികൾക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ 4 കോടി 5 ലക്ഷം രൂപയും കലാകാരന്മാർക്കുള്ള മെഡിക്കൽ അപകട ഇൻഷ്വറൻസ് പദ്ധതിക്കായി 40 ലക്ഷം രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

40 (5387) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിൽ അനാസ്ഥയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ :

(ബി) സാംസ്കാരിക സ്ഥാപനങ്ങളുടെ പുസ്തകങ്ങൾ വില്പന നടത്തുന്നതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള ബുക്ക് മാർക്കിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രന്ഥകർത്താക്കൾക്ക് റോയൽറ്റി നൽകുന്ന കാര്യത്തിൽ അനാസ്ഥ കാട്ടുന്നതുമൂലം പല ഗ്രന്ഥകർത്താക്കളും അവരുടെ രചനകൾ സ്വകാര്യ പ്രസാധകർക്ക് നൽകിവരുന്നതിനെകുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ പലതും 'അറിവ് നിറവ്' പരമ്പരയിൽ പ്രസിദ്ധീകരിക്കുന്നത് എന്തു മാനദണ്ഡത്തിലാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ബുക്ക് മാർക്കിൽനിന്ന് നിലവിൽ പുസ്തകങ്ങൾ നൽകിയതിന് 37.61 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ഈ കുടിശ്ശിക അടച്ചുതീർക്കുന്ന മുറയ്ക്ക് ബുക്ക്മാർക്കിന് വീണ്ടും പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്നതാണ്.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വർഷത്തിൽ ഒരു പ്രാവശ്യം ഗ്രന്ഥകർത്താക്കൾക്ക് റോയൽറ്റി നൽകുന്നുണ്ട്.

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന 'അറിവ് നിറവ്' പരമ്പര മൺമറഞ്ഞ മഹാന്മാരുടെ ജീവിതം വായനക്കാർക്ക് പരിചയപ്പെടുത്തുന്ന പരമ്പരയാണ്. ജീവചരിത്ര വിഭാഗത്തിലാണ് ഈ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്.

സാംസ്കാരിക സ്ഥാപനങ്ങളുടെ നവീകരണ പദ്ധതി

41 (5388) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംസ്കാരിക സ്ഥാപനങ്ങളുടെ നവീകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് സാംസ്കാരിക സ്ഥാപനങ്ങളുടെ നവീകരണത്തിന് പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല. കാലോചിതമായ നവീകരണങ്ങൾ അനിവാര്യമാകുന്ന മുറയ്ക്ക്, ആവശ്യാനുസരണം വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് സാംസ്കാരികകാര്യ വകുപ്പിൽനിന്നും ധനസഹായം അനുവദിച്ച് നവീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly